**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ് പ്രദേശത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട തമിഴ് നാട് അതിർത്തി ഗ്രാമമായ ആര്യങ്കാവ് പഞ്ചായത്തിൽ, ആര്യങ്കാവ് പ്രദേശത്ത് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആര്യങ്കാവ് പ്രദേശത്തു പോലീസ് സ്റ്റേഷൻ നിലവിലില്ല. സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | തമിഴ്നാട് അതിർത്തിയോട് ചേർന്ന്, മൂന്ന് ഭാഗവും വനത്താൽ ചുറ്റപ്പെട്ടനിലയിൽ , ഒറ്റപ്പെട്ട് കിടക്കുന്ന 11 വാർഡുകൾ ഉള്ള പ്രസ്തുത സ്ഥലത്ത് ഗതാഗത, ക്രമസമാധാന പ്രശ്നങ്ങൾ, അതിർത്തിയിലെ സുരക്ഷ എന്നിവയും പരിഗണിച്ച് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി എടുക്കുമോ വിശദമാക്കാമോ ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് പുറത്ത് 30 കിലോമീറ്ററിൽ അധികം തമിഴ്നാട്ടിലൂടെ യാത്ര ചെയ്ത് മാത്രം എത്തിച്ചേരാൻ കഴിയുന്ന വനപ്രദേശമായ അച്ചൻകോവിലും, കുളത്തൂപ്പുഴ പഞ്ചായത്തിന്റെ ഭാഗമായതും, എന്നാൽ ആര്യങ്കാവിലൂടെ മാത്രം എത്തിച്ചേരാൻ കഴിയുന്ന വനത്തിനുള്ളിലെ റോസ് മല ഗ്രാമവും ഉൾപ്പെടുത്തി , ആര്യങ്കാവ് പഞ്ചായത്തിൽ ആര്യങ്കാവിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ;വിശദമാക്കാമോ ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ